# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1566

22-3-2013-ൽ മറുപടിക്ക്

## ബാർ ലൈസൻസ്

ചോദ്യം

ശ്രീ. ബി.സത്യൻ

ഉത്തരം

ഡോ.എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

(എ) തിരുവനന്തപുരം ജില്ലയിൽ ആകെ എത്ര പഞ്ചായത്തുകൾ 2012-13 -ൽ ബാറുകൾ തുടങ്ങുവാൻ ലൈസൻസ് നൽകിയിട്ടുണ്ട്; പഞ്ചായത്തുകൾ ഏതാണെന്നും ബാറുകൾ അനുവദിച്ച സ്ഥലങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ?

(എ) തിരുവനന്തപുരം ജില്ലയിൽ 2012-13 കാലഘട്ടത്തിൽ ആകെ 4 ബാറുകൾ തുടങ്ങാൻ പഞ്ചായത്ത് എൻ.ഒ.സി നൽകുകയുണ്ടായി.. വിശദാംശം ചുവടെ ചേർക്കുന്നു.

1. മാണിക്കൽ പഞ്ചായത്തിൽ വെമ്പായത്ത് ബാർ തുടങ്ങുന്നതിന് എൻ.ഒ.സി നൽകി.യിട്ടുണ്ട്.
2. ഹോട്ടൽ ഗീതു ഇന്റർ നാഷണലിന് ബാർ ലൈസൻസിന് പൂവാർ ഗ്രാമ പഞ്ചായത്ത് എൻ.ഒ.സി നൽകുകയുണ്ടായി. ജനകീയ പ്രക്ഷോഭം കാരണം പ്രസ്തുത എൻ.ഒ.സി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.
3. കഠിനംകുളം ഗ്രാമപഞ്ചായത്തിൽ കഠിനംകുളം വാർഡിൽ നക്ഷത്രഹോട്ടലിൽ ബാർ തുടങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്.
4. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് 2012-13 വർഷം 'ദി ഹിൽവേ ഹെറിറ്റേജ്' ഹോട്ടലിന് എഫ്.എൽ-3 ബാർ ലൈസൻസ് ലഭിക്കുന്നതിന് എൻ.ഒ.സി നൽകിയിട്ടുണ്ട്.

(ബി) പഴയകുന്നുമ്മൽ പഞ്ചായത്തിലുൾപ്പെടുന്ന കിളിമാനൂരിൽ ബാർ അനുവദിച്ച പഞ്ചായത്തിന്റെ നടപടി ചട്ട വിരുദ്ധമാണെന്ന് കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ: ;

(ബി) പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ ദി ഹിൽവേ ഹെറിറ്റേജ് ഹോട്ടലിന് ബാർ തുടങ്ങുന്നതിന് പഞ്ചായത്തിൽ നിന്ന് എൻ.ഒ.സി അനുവദിച്ചത് ചട്ടവിരുദ്ധമാണെന്നുകാണിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ഈ സ്ഥാപനം പി.ഡബ്ല്യൂ.ഡി റോഡ് കൈയ്യേറിയതായും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ആരാധനാലയങ്ങളിൽ നിന്നും നിശ്ചിത

| | | |
|---|---|---|
| | | ദൂര പരിധി പാലിച്ചിട്ടില്ലായെന്നും കാണിച്ച് 4 പരാതികൾ ലഭിച്ചിട്ടുണ്ട്. പുറമ്പോക്ക് കൈയ്യേറ്റം അളന്നു തിട്ടപ്പെടുത്തുന്നതിന് തഹസീൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ദൂരപരിധി സംബന്ധിച്ച് പഴയകുന്നുമ്മേൽ വില്ലേജ് ആഫീസറുടെയും എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ജോയിന്റ് കമ്മീഷണർ എന്നിവരുടെ മെഷർമെന്റും സ്കെച്ചും ലഭിച്ചിട്ടുണ്ട്. |
| (സി) | സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണോ പഴയകുന്നുമ്മേലിൽ ഭരണ സമിതി ബാർ ലൈസൻസ് നൽകാൻ തീരുമാനമെടുത്തത്; വ്യക്തമാക്കുമോ ? | (സി) അല്ല. കേരള പഞ്ചായത്ത് രാജ് 4-ാം ഭേദഗതി ഓർഡിനൻസിന്റെ ആക്റ്റിൽ (25-11-12 ലെ 63-ാം നമ്പർ ഭേദഗതി) അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഭരണ സമിതി ബാർലൈസൻസ് നൽകുന്നതിന് എൻ.ഒ.സി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.